LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളോട് എറണാകുളം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയെന്ന പരാതി

7 [1583] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ എറണാകുളത്തു ചേർന്ന ജനപ്രതിനിധികളുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി, ഉദ്യോസ്ഥർ, മാധ്യമ പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കളക്ടർ എം.എൽ.എ.-മാരോട് അപമര്യാദയായി പെരുമാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ജില്ലാ കളക്ടറോട് സംഭവത്തെപ്പറ്റി വിശദീകരണമോ റിപ്പോർട്ടോ ചോദിച്ചിട്ടുണ്ടോ; എങ്കിൽ കളക്ടർ നൽകിയ മറുപടിയുടെ ഉള്ളടക്കം വ്യക്തമാക്കുമോ, ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഉത്തരവാദപ്പെട്ട ജനപ്രതിനിധികളോട് ചട്ടവിരുദ്ധമായി പെരുമാറിയ എറണാകുളം ജില്ല കളക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ. ശ്രീ. ടി. എച്ച്. മുസ്തഫ സർക്കാരിന് പരാതി നൽകിയിട്ടുണ്ട്. ആയതിൻമേൽ എറണാകുളം ജില്ലാ കളക്ടറുടെ വിശദീകരണം ആരാഞ്ഞിരിക്കുകയാണ്.

(സി) ജില്ലാ കളക്ടറുടെ വിശദീകരിണം ലഭിച്ചിട്ടില്ല.

(ഡി ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ വിശദീകരണം ലഭിച്ച ശേഷം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

ഹെഡ്സ് ഓഫ് ഡിപ്പാർട്ട്മെന്റായി അംഗീകരിക്കപ്പെട്ട തസ്തികകൾ

8 [1584] ശ്രീ. എം. മുരളി:
" വർക്കല കഹാർ:
" ജോർജ്ജ് ജെ. മാത്യു:
" അടൂർ പ്രകാശ്:
" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തസ്തികകൾ ഹെഡ്സ് ഓഫ് ഡിപ്പാർട്ട്മെന്റായി അംഗീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) ഈ തസ്തികകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഈ തസ്തികയിൽ ജോലി നോക്കുന്നവർക്ക് എന്തെങ്കിലും പ്രത്യേക അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 31-8-1999 വരെയുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ച കേരളാ സർവ്വീസ് റൂൾസ് (KSR) പ്രകാരം 84 വിഭാഗത്തിൽപ്പെട്ട തസ്തികകൾ വകുപ്പ് മേധാവികളായി അംഗീകരിച്ചിട്ടുണ്ട്. തസ്തികകൾ സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഭരണപരവും സാമ്പത്തികപരവുമായ 'അക്കൗണ്ടബിലിറ്റി' ഉറപ്പാക്കുന്നതിനാണ് വകുപ്പ് തലവൻമാരുടെ തസ്തികകൾ നിശ്ചയിക്കുന്നത്.

(സി ആന്റ് ഡി) വകുപ്പുതലവൻമാർക്ക് വീതിച്ചു നൽകിയിട്ടുള്ള അധികാരങ്ങൾക്ക് വിധേയമായി അതാത് വകുപ്പുകളെ സംബന്ധിക്കുന്ന ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം അവർക്കുണ്ട്. ഓരോ വകുപ്പിന്റേയും ഘടനയും പ്രവർത്തന സ്വഭാവവും നിർവ്വഹിക്കേണ്ടുന്ന ഉത്തരവാദിത്വങ്ങളുടെ വ്യാപ്തിയും അനുസരിച്ചാണ് അധികാരങ്ങളും അവകാശങ്ങളും അനുവദിക്കുന്നത്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം

9 [1585] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോൾ മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനം എന്തൊക്കെയാണ്;

(സി) പ്രസ്തുത സ്ഥാപനം ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി എയ്ഡഡ് കോളേജുകൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം അത്തരം ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം സഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly